STATE POLICE MEDIA CENTRE
KERALA
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.480/PR/SPMC/PHQ/2021 Date :26.10.2021

## സംസ്ഥാന ഗുസ്തി, പെഞ്ചാക്ക് സില്ലറ്റ് മത്സരങ്ങളിൽ

## കേരള പോലീസിന് സ്വർണ്ണം

സംസ്ഥാന സീനിയർ ഗുസ്തി മത്സരം, സംസ്ഥാന പെഞ്ചാക്ക് സില്ലറ്റ് ചാമ്പ്യൻഷിപ്പ് എന്നിവയിൽ വിജയികളായ പോലീസ് ഉദ്യോഗസ്ഥരെ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് അഭിനന്ദിച്ചു.

സീനിയർ ഗുസ്തി മത്സരത്തിൽ അഞ്ച് സ്വർണ്ണവും രണ്ട് വെള്ളിയും ഒരു വെങ്കലവുമാണ് കേരള പോലീസ് ടീം നേടിയത്. അബ്ദുൾ റഷീദ്, ജിതിൻ കുമാർ, ജയദേവൻ, അശ്വിൻ പി.സി, അരുൺ.ബി ഗുപ്ത എന്നിവർ സ്വർണ്ണമെഡലും ഷിബു.കെ.എസ്, അരുൺ.റ്റി.റ്റി എന്നിവർ വെള്ളിമെഡലും നേടി. 86 കിലോഗ്രാം വിഭാഗത്തിൽ ജിതിൻ കുമാറിന് തന്നെ വെങ്കലമെഡലും ലഭിച്ചു.

പെഞ്ചാക്ക് സില്ലറ്റ് മത്സരത്തിൽ നോബിൾ തോമസ്, ബൈജു.ആർ.എൽ, സുജിത്ത് എന്നിവർ സ്വർണ്ണമെഡലും ഗോപൻ, ഹരികൃഷ്ണൻ എന്നിവർ വെള്ളിമെഡലും നേടി.

ഇന്തോനേഷ്യൻ കായിക ഇനമാണ് പെഞ്ചാക്ക് സില്ലറ്റ്. ഷാജ്.എസ്.കെ, ജുവാൻ സിറിൽ എന്നിവരായിരുന്നു പരിശീലകർ. വിജയികളും പരിശീലകരും പോലീസ് ആസ്ഥാനത്ത് സംസ്ഥാന പോലീസ് മേധാവി അനിൽ കാന്തിനെ സന്ദർശിച്ചു. സെൻട്രൽ സ്പോർട്സ് പോലീസ് ഓഫീസർ കൂടിയായ എ.ഡി.ജി.പി മനോജ് എബ്രഹാമും ചടങ്ങിൽ സംബന്ധിച്ചു.

**ഫോട്ടോ ക്യാപ്ഷൻ**

1. സംസ്ഥാന സീനിയർ ഗുസ്തി വിഭാഗത്തിൽ വിജയികളായ പോലീസ് സേനാംഗങ്ങൾ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്തിനോടൊപ്പം.
2. സംസ്ഥാന പെഞ്ചാക്ക് സില്ലറ്റ് വിഭാഗത്തിൽ വിജയികളായ പോലീസ് സേനാംഗങ്ങൾ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്തിനോടൊപ്പം.

*********************